൦൦൨൪/൧൨

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് - കേന്ദ്രാവിഷ്കൃത പദ്ധതി - മറ്റു പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം - +1,+2 സ്കോളർഷിപ്പ് അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**പട്ടികജാതി പട്ടിക വർഗ്ഗ വികസന (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം. 510/2012/പജപവവിവ** **തീയതി, തിരുവനന്തപുരം, 21/03/2012**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:- 1. സ.ഉ.(കൈ) നം.11/10/പജപവവിവ തീയതി 08/02/2010
2. സ.ഉ.(കൈ) നം. 94/10/പജപവവിവ തീയതി 30/08/2010
3. സ.ഉ.(സാധാ) നം. 1414/12/ധന തീയതി 16/02/2012
4. 11/08/2011 - ലെ കേന്ദ്ര സർക്കാരിന്റെ D.O.No.11014/21/2006 - BC- 1 നമ്പർ കത്ത്
5. 02/03/2012 ലെ പട്ടികജാതി വികസന ഡയറക്ടറുടെ Edn A3-12473/11 നമ്പർ കത്ത്

## ഉത്തരവ്

കേന്ദ്രാവിഷ്കൃത പദ്ധതി (100%) പ്രകാരം മറ്റു പിന്നാക്ക സമുദായത്തിൽപ്പെട്ട +1,+2 (10+2 സിസ്റ്റം) കോഴ്സുകൾക്ക് പഠിക്കുന്നതും മാതാപിതാക്കളുടെ വാർഷിക വരുമാനം 44,500/- രൂപയോ അതിൽ കുറവോ ആയിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 90/- രൂപ നിരക്കിൽ സ്കോളർഷിപ്പ് പരാമർശം 1 പ്രകാരം അനുവദിച്ചു വരുന്നു.

(2) ടി കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ടി സ്കോളർഷിപ്പിനു പുറമേ വിദ്യാർത്ഥി സ്ഥാപനത്തിൽ നിർബന്ധമായും നൽകേണ്ടതായ എൻറോൾമെന്റ്/രജിസ്ട്രേഷൻ ഫീസ്, ട്യൂഷൻ, ഗെയിംസ്,ലൈബ്രറി, മാഗസിൻ, മെഡിക്കൽ എക്സാമിനേഷൻ തുടങ്ങി എല്ലാവിധ ഫീസിനങ്ങളിലും നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതിന് പരാമർശം 2 പ്രകാരം അനുമതി നൽകി നടപ്പിലാക്കി വരുന്നുണ്ട്.

(3) പരാമർശം 3 പ്രകാരം 2011-2012 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനായി 14,20,44,000/-രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി 01/07/2011 മുതൽ പുതുക്കി നിശ്ചയിച്ചുകൊണ്ട് പരാമർശം 4 പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതു പ്രകാരം ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയുള്ള രക്ഷിതാക്കളുടെ കുട്ടികൾക്ക് +1,+2 കോഴ്സുകൾക്ക് പ്രതിമാസം 160/- രൂപ നിരക്കിൽ 10 മാസത്തെ സ്കോളർഷിപ്പും, എല്ലാവിധ ഫീസാനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ടെന്നും ആയതിനാൽ ടി പുതിയ മാനദണ്ഡ പ്രകാരം +1,+2 കോഴ്സുകൾക്ക് പഠിക്കുന്ന ഒ.ബി.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും എല്ലാവിധ ഫീസാനുകൂല്യങ്ങളും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് നൽകണമെന്ന് പരാമർശം 5 പ്രകാരം പട്ടികജാതി വികസന വകുപ്പു ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര ഗവൺമെൻറ് ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനുള്ള വരുമാന പരിധി 44,500/- രൂപയിൽ നിന്നും 1 ലക്ഷം രൂപയായി ഉയർത്തിയ സാഹചര്യത്തിൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാകുമെന്നതിനാലും സ്കോളർഷിപ്പ് തുക 90 രൂപയിൽ നിന്നും 160 രൂപയായി വർദ്ധിപ്പിച്ചതിനാലും പരാമർശം 3 പ്രകാരം അനുവദിച്ച തുക പര്യാപ്തമാകില്ല. ആയതിനാൽ 2011-2012 വർഷത്തെ +1,+2 പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ (100% കേന്ദ്രാവിഷ്കൃത പദ്ധതി) നിലവിലുള്ള നിരക്കുകളിൽ വിതരണം ചെയ്യാൻ അനുമതി നൽകിയും കേന്ദ്ര സർക്കാരിൻെറ പുതുക്കിയ മാനദണ്ഡ പ്രകാരം ആവശ്യമായി വരുന്ന ബാക്കി തുക അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി പരാമർശം 4 ലെ കേന്ദ്ര സർക്കാർ മാനദണ്ഡം അംഗീകരിച്ചും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ഡോ.എസ്.സുബ്ബയ്യ,**
പ്രിൻസിപ്പൽ സെക്രട്ടറി.

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും
(പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ(ആഡിറ്റ്)/ (എ & ഇ), കേരള, തിരുവനന്തപുരം
കരുതൽഫയൽ/ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Mohan
സെക്ഷൻ ഓഫീസർ